LIBRARY ARCHIVES Kerala Legislative Assembly

സമിതിയോഗത്തിന് എം.എൽ.എ.-യെ ക്ഷണിക്കാത്ത നടപടി

159 (450) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ (DC) വകുപ്പ് 10-8-2009-ൽ ഇറക്കിയിട്ടുള്ള ജി.ഒ.പ്രകാരം (G.O.സ.ഉ.(സാധ)നമ്പർ 2020/2009/ത.സ്വ.ഭ./10-8-2009) GIDSSMT ആലപ്പുഴയിലെ ശുദ്ധജല വിതരണ പദ്ധതി നടത്തിപ്പ് സംബന്ധിച്ചുള്ള സമിതിയിൽ അംഗമായ സ്ഥലം എംഎൽഎ.-യെ ആ കമ്മിറ്റിയിൽ ക്ഷണിക്കുകയോ അഭിപ്രായം ആരായുകയോ ചെയ്തിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കമ്മിറ്റി എത്ര പ്രാവശ്യം കൂടിയിട്ടുണ്ട്; കമ്മിറ്റി കൂടിയിട്ടുണ്ടെങ്കിൽ എം.എൽ.എ.-യെ പങ്കെടുപ്പിക്കാത്ത കാര്യം അന്വേഷിക്കുമോ;

(സി) ഈ കാര്യത്തിൽ ചട്ടലംഘനം നടന്നിട്ടുണ്ടെങ്കിൽ എന്ത് നടപടി സ്വീകരിക്കാൻ പോകുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല.

(ബി) ടി ഉത്തരവിനുശേഷം മൂന്ന് തവണ കമ്മിറ്റി കൂടിയിട്ടുണ്ട്. 10-8-2009-ലെ സ.ഉ.(സാധ)2020/09/തസ്വഭ ലഭിക്കാത്തിരുന്നതിനാൽ നഗരസഭയ്ക്ക് എംഎൽഎ.-യെ അറിയിക്കുന്നതിന് കഴിഞ്ഞില്ല.

(സി) തുടർന്നുള്ള മീറ്റിംഗുകളിൽ എം.എൽ.എ.യെ പങ്കെടുപ്പിക്കുന്ന കാര്യത്തിൽ അതീവ ശ്രദ്ധ ചെലുത്തുവാൻ നഗരസഭയ്ക്ക് നിർദ്ദേശം നൽകുന്നതാണ്.

തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കാൻ നടപടി

159 (451) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ തെരുവുനായ്ക്കളുടെ ശല്യംമൂലം വിദേശ ടൂറിസ്റ്റുകൾ ഉൾപ്പെടെയുള്ളവർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തെരുവുനായ്ക്കളെ കൊല്ലുന്നത് ബഹു. സുപ്രീംകോടതി തടഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇവയെ വന്ധ്യംകരിച്ച് പ്രജനനം തടയുകയും പേവിഷ ബാധയ്ക്ക് കുത്തിവയ്പ് നൽകുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. കേന്ദ്ര സർക്കാരിന്റെ 2001-ലെ Animal Birth Control (Dogs) Rules പ്രകാരം അനിമൽ വെൽഫയർ ബോർഡ് നടപ്പാക്കുന്ന അനിമൽ ബർത്ത് കൺട്രോൾ/

ആന്റി റാബിസ് പ്രോഗ്രാം എന്നിവ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുള്ള ചെലവിന്റെ 50% അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യ വഹിക്കുന്നതാണ്. പ്രസ്തുത പ്രോഗ്രാമിന്, ബോർഡുമായി വേണ്ടുന്ന കരാറിലേർപ്പെട്ട് ധനസഹായം നേടി പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കാനും ഇക്കാര്യം സമയബന്ധിതമായി നടപ്പിൽ വരുത്താനും പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ പേവിഷബാധ നിയന്ത്രണം സംബന്ധിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

അഞ്ചൽ ഗ്രാമപഞ്ചായത്തിനെ മുനിസിപ്പാലിറ്റിയാക്കുവാൻ നടപടി

160 (452) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തായ പുനലൂർ മണ്ഡലത്തിലെ അഞ്ചൽ ഗ്രാമപഞ്ചായത്തിനെ മുനിസിപ്പാലിറ്റിയാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2010-ൽ നടന്ന പൊതു തിരഞ്ഞെടുപ്പിനുമുൻപായി സംസ്ഥാനത്തെ നഗരസ്വഭാവം ആർജ്ജിച്ച ഏഴ് ഗ്രാമ പഞ്ചായത്തുകളെ മുനിസിപ്പൽ കൗൺസിലുകളാക്കി പരിവർത്തനം ചെയ്ത് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിദഗ്ദ്ധപഠനം നടത്തിയാണ് നഗരസ്വഭാവം ആർജ്ജിച്ച ഗ്രാമപഞ്ചായത്തുകളെ കണ്ടെത്തിയത്. അതുപ്രകാരം അഞ്ചൽ ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയാക്കാൻ വേണ്ടത്ര നഗരസ്വഭാവം ആർജ്ജിച്ചിരുന്നില്ല. കേരള മുനിസിപ്പാലിറ്റി ആക്ടിലെ 4-ാം വകുപ്പിൽ ഒരു ഗ്രാമപഞ്ചായത്തിനെ മുനിസിപ്പൽ കൗൺസിലായി പരിവർത്തനപ്പെടുത്തിക്കൊണ്ടുള്ള ഏതൊരു വിജ്ഞാപനവും ആ ഭൂപ്രദേശത്ത് നിലവിലുള്ള മുനിസിപ്പാലിറ്റിയുടെയോ, പഞ്ചായത്തിന്റെയോ സമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല എന്ന് മറ്റുകാര്യങ്ങളുടെ കൂട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2010-ലെ പൊതുതെരഞ്ഞെടുപ്പിനുശേഷം എല്ലാ മുനിസിപ്പാലിറ്റികളിലെയും ഭരണ സമിതികൾ 2010 നവംബർ 1-ാം തീയതി നിലവിൽ വന്നുകഴിഞ്ഞു. അതുകൊണ്ട് അഞ്ചൽ ഗ്രാമ പഞ്ചായത്തിനെ മുനിസിപ്പാലിറ്റിയാക്കാനുള്ള ഏതൊരു നിർദ്ദേശവും നിലവിലുള്ള ഭരണ സമിതിയുടെ കാലാവധി തീരുന്ന മുറക്ക് മാത്രമേ പ്രാബല്യത്തിൽ വരുത്താൻ സാധിക്കുകയുള്ളൂ. അഞ്ചൽ ഗ്രാമപഞ്ചായത്തിനെ മുനിസിപ്പാലിറ്റിയാക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly